## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ **4501** 20/10/2011 - ൽ മറുപടിയ്ക്ക്

## തടവുകാർക്ക് അനധികൃത സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീമതി.പി.ആയിഷാപോറ്റി<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി ) |

| | |
|---|---|
| (എ) ജയിൽ നിയമങ്ങൾക്ക് വിരുദ്ധമായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർക്ക് സൗകര്യങ്ങൾ നൽകിവരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്ന് ചികിത്സാർത്ഥം സ്വകാര്യ ആശുപത്രികളിലേക്ക് മാറ്റപ്പെടുന്നവരെത്രയാണ്; സർക്കാർ ആശുപത്രിയി ലേക്ക് മാറ്റിയിരുന്നവരെത്രയാണ് ; ചികിത്സാസൗകര്യം സർക്കാർ ആശുപത്രിയിൽ ലഭ്യമായിരിക്കെ, സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു ; | (ബി) ജയിലിൽ നിന്ന് ഏത് ആശുപത്രിയിലേയ്ക്കും ഒരു തടവുകാരനെ ചികിത്സാർത്ഥം മാറ്റുവാൻ ജയിൽ ചട്ടം 542 അനുസരിച്ച് സൂപ്രണ്ടിന് അധികാരമുണ്ട്. ഈ രീതിയിൽ ചന്ദ്രസേനൻ എന്ന പ്രതിയെ മുൻ സർക്കാർ 1995 മുതൽ 2003 വരെ ബാംഗ്ലൂർ നിംഹാസിൽ ചികിത്സയ്ക്ക് അയച്ചിട്ടുണ്ട്. നിരവധി പേരെ ചെറിയ കാലാവധിക്കുവേണ്ടി മറ്റ് ആശുപത്രികളിൽ ചികിത്സയ്ക്ക് അയച്ചിട്ടുണ്ട്. **De-Addiction** ചികിത്സയ്ക്കും, ആയുർവേദ ചികിത്സയ്ക്കും വിട്ടിട്ടുള്ള സംഭവങ്ങൾ ഉണ്ട്. ആർ.ബാലകൃഷ്ണപിള്ള 9 രോഗങ്ങൾ ഉള്ള ആളാണ്. അദ്ദേഹത്തിന് വൈദ്യസഹായം ഉറപ്പാക്കണമെന്ന് ഇടമലയാർ കോടതി ഉത്തരവിട്ടിട്ടുള്ളതാണ്. ഇദ്ദേഹത്തിന്റെ **Haematochromatosis** എന്ന രോഗം ചികിത്സിക്കുവാൻ പര്യാപ്തമായ ഹേമറ്റോളജി ഡിപ്പാർട്ട്മെന്റ് മെഡിക്കൽ കോളേജിൽ ഇല്ല. മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിനിൽ ഒ.പി. മാത്രമാണ് ഉള്ളത്. വെല്ലൂർ മെഡിക്കൽ |

| | |
|---|---|
| | കോളേജിൽ ഹേമറ്റോളജിയുടെ തലവനായിരുന്ന ഡോക്ടർ ഉള്ളത് കിംസ് ആശുപത്രിയിലാണ്. അതിനാലാണ് ബാലകൃഷ്ണപിള്ള കിംസ് ആശുപത്രിയിൽ ചികിത്സ തേടിയത്. രണ്ട് സ്ത്രീപീഡന കേസ്സുകളിൽ 8 വർഷം വീതം ശിക്ഷ കിട്ടിയ സന്തോഷ് മാധവൻ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം രണ്ടു മാസം എറണാകുളം അമൃതാ മെഡിക്കൽ കോളേജിൽ കൊറോണറി ചികിത്സ ചെയ്തിരുന്നു. ഈ ചികിത്സ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിട്ടുന്നതായിരുന്നു. സെൻട്രൽ ജയിലിലെ മറ്റൊരു പ്രതി സജി വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. |
| (സി) തടവിൽ സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന ഏതെങ്കിലും തടവുകാരൻ സ്വന്തം മൊബൈൽ ഫോൺ നിരന്തരം ഉപയോഗിച്ചതായ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; | (സി) ചന്ദ്രസേനൻ സ്വകാര്യ ആശുപത്രിയിൽ കഴിയുമ്പോൾ സ്വന്തം ഫോൺ ഉപയോഗിച്ചിരുന്നു. വെല്ലൂർ മെഡിക്കൽ കോളേജിൽ കഴിയുന്ന സജി സ്വന്തം ഫോൺ ഉപയോഗിക്കുന്നുണ്ട്.. സന്തോഷ് മാധവൻ അമൃതാ മെഡിക്കൽ കോളേജിൽ ഫോൺ ഉപയോഗിച്ചിരുന്നു. ആശുപത്രിയിൽ കഴിയുന്ന ശ്രീ.ആർ.ബാലകൃഷ്ണപിള്ള 'റിപ്പോർട്ടർ' ചാനൽ ലേഖകനുമായി ഫോണിൽ സംസാരിച്ചതായി 'റിപ്പോർട്ടർ' ചാനൽ പ്രക്ഷേപണം ചെയ്തു. 'റിപ്പോർട്ടർ' ചാനലിൽ നിന്നും വിളിച്ചപ്പോൾ മറ്റൊരാളാണ് ഫോണെടുത്തതെന്നും നിർബന്ധിച്ചപ്പോൾ ഫോണിൽ സംസാരിച്ചുവെന്നും അന്വേഷണത്തിൽ അദ്ദേഹത്തിന്റെ ബന്ധുവിന്റെ കൈവശമുള്ള ഫോണിലാണ് സംസാരിച്ചിട്ടുള്ളത് എന്നും മനസിലാക്കിയിട്ടുണ്ട്. |
| (ഡി) ശ്രദ്ധയിൽപ്പെട്ട തടവുകാരന്റെ ഫോണിൽ നിന്ന് എത്ര കോളുകൾ പോയിട്ടുണ്ട് ; ഫോൺ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ : ഏത് ഏജൻസി വഴിയാണ് ഫോൺ പരിശോധിച്ചത് ; എന്തെല്ലാം സംഗതികൾ വെളിവായി ; തടവിൽ കഴിയുന്ന ആളിന്റെ സാഹായിയായി ഉണ്ടായിരുന്ന ആൾ ആരായിരുന്നു ; ഇതിന് അനുവാദം ഉണ്ടായിരുന്നുവോ ; | (ഡി) ശ്രീ.ആർ.ബാലകൃഷ്ണപിള്ള തന്റെ കൈവശം ഫോൺ വയ്ക്കുന്നില്ല. തടവിൽ കഴിയുന്ന ആളിന്റെ സഹായിയായി സർക്കാർ തന്നെ ഒരു ഗൺമാനെ പോസ്റ്റു ചെയ്തിട്ടുണ്ട്. അദ്ദേഹം ICU വിലാകുമ്പോൾ **bystander** ഇല്ല. അദ്ദേഹം വാർഡിലാകുമ്പോൾ ആശുപത്രി നിയമപ്രകാരം ഒരു **bystander** അനുവദനീയമാണ്. ഇത് ആളുകൾ |

| | |
|---|---|
| | മാറി മാറി നിൽക്കുന്നതായിട്ടാണ് കാണുന്നത്. ഈ നമ്പർ ഫോൺ ഉപയോഗിക്കുന്നതായി അദ്ദേഹത്തിന്റെ ഗൺമാൻ, ഡ്രൈവർ, മാനോജ് കുമാർ, അദ്ദേഹത്തിന്റെ പാർട്ടിയുടെ ജനറൽ സെക്രട്ടറി വേണുഗോപാലൻ നായരും അവകാശപ്പെട്ടിട്ടുണ്ട്. |
| (ഇ) പ്രിസൺ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന് ഏത് നിയമത്തിലെ ഏത് വ്യവസ്ഥ അനുസരിച്ച് എന്തു ശിക്ഷ നൽകുകയുണ്ടായി ; 2010 ലെ ജയിൽ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ഈ കുറ്റത്തിന് നൽകേണ്ട പരമാവധി ശിക്ഷ എന്താണ് ? | (ഇ) 81 -ാം വകുപ്പനുസരിച്ചിട്ടുള്ള ശിക്ഷകൾ 82 – ാം വകുപ്പിലാണ് പറയുന്നത്. ആ 82 -ാം വകുപ്പ് ചുവടെ ചേർക്കുന്നു. 81-ഉം 86-ഉം വകുപ്പ് പ്രകാരമുള്ള ശിക്ഷകൾ നടപ്പാക്കണമെങ്കിൽ 88-ാം വകുപ്പനുസരിച്ച് അത് ജയിൽ തടവുകാരുടെ മുമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇത് ചെയ്യിട്ടില്ലാത്തതിനാൽ ശിക്ഷ നടപ്പാക്കാൻ കഴിയില്ല. 82 – ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിന്റെ 3 -ാം സെക്ഷനിൽ ഈ ആക്ടിൽ ഉള്ള രണ്ട് ശിക്ഷകൾ ഒരേ സമയം തടവുകാരന് കൊടുക്കാൻ പാടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 86 – ാം വകുപ്പനുസരിച്ച് ഒരു തടവുകാരനെ ശിക്ഷിക്കാൻ പറ്റില്ല. രണ്ട് ശിക്ഷകൾ പറയുന്നുവെങ്കിൽ അതിൽ ലഘുവായ ശിക്ഷ മാത്രമേ കൊടുക്കുവാൻ കഴിയുകയുള്ളൂ.ബഹു: സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം തന്നെ ലഘുവായ ശിക്ഷയാണ് നൽകിയിട്ടുള്ളത്. 4 ദിവസത്തെ റെമിഷൻ കട്ട് ചെയ്യിരിക്കുകയാണ്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ